# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## കളി വള്ളത്തിന്റെ അമരത്തുനിന്നും സുവിശേഷത്തിന്റെ അമരക്കാരനായി...




ജീവിതത്തിൽ തകർച്ചകൾ നേരിടേണ്ടി വരുമ്പോൾ ദൈവത്തിൽ പ്രത്യാശവയ്ക്കുവാൻ സാധിക്കാത്തതാണ് എല്ലാം പരാജയത്തിനും കാരണം. അതിനാൽ തകർച്ചയ്ക്ക് കാരണക്കാരായ വ്യക്തികളേയും സാഹചര്യത്തെയും എല്ലാവരും വെറുക്കും. 'ദൈവമെന്തിന് ഈ കടുംകൈ ചെയ്തു' എന്നു ചോദിച്ച് പലരും ദൈവത്തെ തള്ളിക്കളയും. എന്നാൽ ഓർക്കുക, ദൈവം അപ്പോഴും നമ്മെ തന്നെ അലിവോടെ ഉറ്റുനോയിരിക്കുന്നുണ്ടെന്ന്. തകർന്നു തരിപ്പണമായ നമ്മുടെ ആധ്യാത്മിക ഭൗതിക മണ്ഡലങ്ങളെ വിശുദ്ധീകരിക്കാനും പുനരുദ്ധരിക്കാനും അവിടുന്നാഗ്രഹിക്കുന്നുണ്ടെന്ന്. ദൈവസ്വരം കേൾക്കാൻനാം തയ്യാറായിരുന്നെങ്കി ൽ അലിവാർന്ന ആ സ്വരം നമുക്ക് ഗ്രഹിക്കാൻ കഴിയുമായിരുന്നു. അതിനാൽ ദൈവസ്വരത്തിന് ചെവിയോർത്ത് പ്രതികൂലങ്ങളെ അനുകൂല മാക്കി മുന്നോട്ട് പോകാനുള്ള കൃപയ്ക്കുവേണ്ടി നോമ്പിന്റെ ഈ രണ്ടാം തിങ്കളാഴ്ച നമുക്ക് പ്രാർത്ഥിക്കാം. ഇതിന് നമ്മെ സഹായിക്കുന്ന ഒരു സഹനദാസനെ പരിചയപ്പെടാം. തകർച്ചകൾ ഒന്നിന് പുറകെ ഒന്നായി നേരിടേണ്ടി വന്നിട്ടും തെല്ലും പതറാതെ ദൈവത്തിൽ മാത്രം ആശ്രയിച്ച് മുന്നേറിയ കുഞ്ഞുമോൻ പുന്നപ്ര എന്ന വ്യക്തിയുടെ ജീവിതം നമ്മുടെ എല്ലാ വേദനകൾക്കും പരിഹാരമാകുമെന്ന് തീർച്ചയാണ്. നെഞ്ചിന് കീഴ്പ്പോട്ട് തളർന്നുപോയ വ്യക്തിയാണിദ്ദേഹം. എന്നിട്ടും തന്റെ സഹനത്തെ ദൈവമഹത്വത്തിന് സമർപ്പിച്ചതിലൂടെ അദ്ദേഹം ലോകത്തിന് പ്രത്യാശയുടെ അടയാളമായി മാറിയിരിക്കുന്നു.

രണ്ട് പതിറ്റാണ്ട് മുമ്പ് ആലപ്പുഴയിലെ പുന്നമടയിൽ നെഹ്രുട്രോഫി ജലോത്സവം നടക്കുമ്പോൾ ഏതെങ്കിലും ചുണ്ടൻവള്ളത്തിൽ തുഴക്കാർക്ക് ആവേശം പകർന്ന് കുഞ്ഞുമോൻ അമരത്തുണ്ടാകും. നല്ല കായിക ബലമുള്ള ഒരാൾക്ക് മാത്രമേ ശക്തിയോടെ അമരത്തുനിന്ന് പങ്കായം കുത്തിയെറിയാനാവൂ. എന്നാൽ 1996 ലെ നെഹ്രുട്രോഫി ജലോത്സവത്തിന്ശേഷം ചുണ്ടൻ വള്ളത്തിൽ കാലുകുത്താൻ കുഞ്ഞുമോന് കഴിഞ്ഞില്ല. കാരണം ദൈവം തന്റെ സുവിശേഷ ദൗത്യത്തിലെ അമരക്കാരിലൊരാളായി കുഞ്ഞുമോനെ മാറ്റിനിർത്തിയിരുന്നു.

18 വർഷം മുമ്പായിരുന്നു ആ തെരഞ്ഞെടുപ്പ്. കുഞ്ഞുമോൻ അന്ന് സഹോദരങ്ങളുമായി ചേർന്ന് 'സ്റ്റാൻഡേർഡ് പൈൽ ഫൗണ്ടേഷൻ' എന്ന പേരിൽ പൈലിംഗ് സ്ഥാപനം

എടത്വായിൽ നടത്തുന്നു. അതൊടൊപ്പം എറണാകുളത്ത് പനമ്പിള്ളി നഗറിലുള്ള ജിയോ ടെക് എന്ന കൺസ്ട്രക്ഷൻ കമ്പനിയിൽ ഫോർമാനുമായിരുന്നു അദ്ദേഹം. ഇതിനിടയിൽ സമയം കിട്ടുന്നതനുസരിച്ച് കരിസ്മാറ്റിക് നവീകരണ ക്ലാസുകളിലും സെമിനാറുകളിലും പങ്കെടുക്കും. ദൈവാലയ സന്ദർശനവും പ്രാർത്ഥനയുമൊന്നും മുടക്കുകയുമില്ല. അങ്ങനെ ആത്മീയ ജീവിതവും ഭൗതിക ജീവിതവും നല്ല രീതിയിൽ മുന്നോട്ട് പോകുന്നതിനിടയിലാണ് കുഞ്ഞുമോന്റെ ജീവിതത്തെ അടിമുടിയുലച്ച ചില സംഭവങ്ങളുണ്ടാകുന്നത്. സഹോദരന്റെ ആകസ്മിക മരണമായിരുന്നു അതിലൊന്ന്. സഹോദരനും നവീകരണ പ്രവർത്തനങ്ങളിൽ ഏറെ താല്പര്യമുള്ള വ്യക്തി. പ്രാർത്ഥനാഗ്രൂപ്പുകളിലെ സ്ഥിരസാന്നിധ്യം. പക്ഷേ ഒരപകടത്തിൽ അദ്ദേഹത്തിന്റെ ജീവനെ ദൈവം തിരികെ വിളിച്ചപ്പോൾ സഹോദരന്റെ കുടുംബത്തൊടൊപ്പം കുഞ്ഞുമോനും നടുങ്ങി. ചെറിയ കുട്ടികൾ മാത്രമാണ് സഹോദരന് ഉള്ളത്. ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്ന് അദ്ദേഹം മനസിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആ വേദന തീരുംമുമ്പേ അതിനേക്കാൾ നൊമ്പരമുളവാക്കുന്ന സംഭവമാണ് പിന്നീട് ഉണ്ടായത്.

എടത്വായ്ക്ക് സമീപത്തുള്ള തലവടിയിൽ ഏറ്റെടുത്ത കെട്ടിടത്തിന്റെ പയൽ താഴ്ത്തുന്ന ജോലികൾ നടന്നുകൊണ്ടിരിക്കുന്ന സമയം. അവിടെ റിംഗ് ഉയർത്തുന്ന പണിക്കാരെ ജ്യേഷ്ഠ സഹോദരൻ സഹായിക്കുന്നത് കുഞ്ഞുമോൻ ദൂരെ നിന്നേ കണ്ടു. ഭാരമെടുക്കാൻ ക്ലേശിക്കുന്ന അദ്ദേഹത്തിന്റെ അടുത്തേക്ക് കുഞ്ഞുമോൻ ഓടിച്ചെന്ന് റിംഗ് എടുത്ത് സ്വന്തം തോളിലേക്ക് ചേർത്തു. എന്നാൽ പെട്ടെന്ന് അതിന്റെ ഭാരത്തിൽ അദ്ദേഹം ഒരു വശത്തേക്ക് ചരിഞ്ഞ് നിലത്തുവീണു. അതോടെ ആ വലിയ ഭാരക്കട്ടയും അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് പതിച്ചു. ഒരു സോഡ പൊട്ടുന്നപോലുള്ള ശബ്ദമാണ് നെഞ്ചിൽ നിന്നും കുഞ്ഞുമോൻ കേട്ടത്. കടുത്തവേദനയൊന്നും അപ്പോൾ തോന്നിയില്ല. ഓടിക്കൂടിയവർ ഉടൻ തന്നെ കുഞ്ഞുമോനെ എടുത്ത് ഒരു പായയിൽ കിടത്തി. അവിടെ കിടന്നപ്പോഴും കുഞ്ഞുമോൻ ദൈവഹിതം തേടി പ്രാർത്ഥിക്കുകയായിരുന്നു.

ആശുപത്രിയിൽ വെച്ചാണ് തന്റെ നെഞ്ചിൻകൂടിന് കീഴ്പോട്ടുള്ള ഭാഗം നിർവീജമായെന്ന് അദ്ദേഹത്തിന് മനസിലാകുന്നത്. എങ്കിലും ദൈവം തന്നെ രക്ഷിക്കുമെന്ന് അദ്ദേഹം ഹൃദയത്തിൽ ഉറച്ച് വിശ്വസിച്ചു. മരുന്നുകളും പ്രാർത്ഥനയുമായി അദ്ദേഹം പിന്നീട് വീട്ടിൽ കുറേക്കാലം വിശ്രമിച്ചു. ആ കാലങ്ങളിൽ ധാരാളംപേർ അദ്ദേഹത്തെ കാണാൻ വീട്ടിലെത്തുമായിരുന്നു. ആശ്വസിപ്പിക്കാനെത്തിയവർക്ക് പ്രത്യാശദൂത് പകർന്നാണ് കുഞ്ഞുമോൻ തിരിച്ചയച്ചത്. ദൈവം കരുണാസമ്പന്നനാണെന്ന് കുഞ്ഞുമോൻ അവരെ തിരുവചനം ഉദ്ധരിച്ച് പഠിപ്പിച്ചു. അവർ സന്തുഷ്ടരായി മടങ്ങുമ്പോൾ കുഞ്ഞുമോൻ പ്രാർത്ഥനയിലേക്ക് മനസിനെ നയിക്കും. എടത്വായിൽനിന്ന് അക്കാലത്ത് ധാരാളം പേർ ഡിവൈനിലേക്ക് ധ്യാനത്തിന് പോകുന്നുണ്ടായിരുന്നു. ഒരു ദിവസം കുഞ്ഞുമോൻ പ്രാർത്ഥിക്കുമ്പോൾ 'രോഗികൾക്കുള്ള ധ്യാനത്തിൽ സംബന്ധിക്കുക. ഇത് നിന്റെ ജീവിതത്തിന് ഏറെ പ്രതീക്ഷ നൽകും.' എന്നൊരു സ്വരം കേട്ടു. 'എത്രയോ തീരാവ്യാധി പിടിപെട്ടവരും കിടപ്പുരോഗികളും ഡിവൈൻ ധ്യാനകേന്ദ്രത്തിൽ പോയി പ്രാർത്ഥിച്ച് സുഖം നേടുന്നു. അങ്ങനെയെങ്കിൽ തന്റെ വേദനയും കർത്താവ് സുഖപ്പെടുത്തുമെന്ന് കുഞ്ഞുമോൻ കരുതി.

യാത്രയ്ക്ക് മുമ്പ് പുതിയ ഷർട്ടും മുണ്ടും അദ്ദേഹം വാങ്ങി. കർത്താവ് സുഖപ്പെടുത്തിയാൽ പുതിയ ഡ്രസ് ധരിച്ച് ആരോഗ്യത്തോടെ വീട്ടിലേക്ക് മടങ്ങാമല്ലോ. ഇതായിരുന്നു പദ്ധതി. അങ്ങനെ ഏതാനുംപേരൊടൊപ്പം അദ്ദേഹം ഡിവൈനിലെത്തി ധ്യാനം തുടങ്ങി. ധ്യാനഹാളിന്റെ ഒരു വശത്ത് വീൽചെയറിൽ അദ്ദേഹം ഒതുങ്ങിയിരുന്നു. ഒന്നുരണ്ട് ദിവസം കടന്നുപോയി. എന്നാൽ യാതൊന്നും സംഭവിച്ചില്ല. വീട്ടുകാരും പ്രാർത്ഥനാഗ്രൂപ്പിൽപ്പെട്ടവരും സുഹൃത്തുക്കളും അദ്ദേഹത്തിന്റെ രോഗസൗഖ്യത്തിന് രാപകൽ വീട്ടിൽ പ്രാർത്ഥന അർപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ വെള്ളിയാഴ്ചവരെ ഒന്നും സംഭവിച്ചില്ല. അതോടെ നിരാശതയുടെ കാർമേഘങ്ങൾ അദ്ദേഹത്തിന്റെ മനസിലേക്ക് കടന്നുവരാൻ തുടങ്ങി. വിശ്വാസമില്ലാതിരുന്ന അനേകം രോഗികൾ സുഖപ്പെട്ട് കർത്താവിന് സാക്ഷ്യം പറഞ്ഞ് കടന്നുപോകുന്നത് കുഞ്ഞുമോൻ കണ്ടു.

ആത്മീയ ജീവിതം നയിക്കുന്ന തന്നെ മാത്രം എന്തുകൊണ്ട് കർത്താവ് സുഖപ്പെടുത്തുന്നില്ല? എന്ന് അദ്ദേ ഹം കർത്താവിനോട് പരാതിപ്പെട്ടുകൊണ്ടിരുന്നു. ധ്യാനം കഴിഞ്ഞ് ആഹ്ലാദചിത്തരായി വീട്ടിലേക്ക് മടങ്ങുന്നവരുടെ ഒരുക്കം കണ്ടപ്പോൾ കുഞ്ഞുമോന്റെ ഹൃദയം നീറിപ്പിടയുകയായിരുന്നു.

പിറ്റേന്ന് പ്രഭാതത്തിൽ പ്രാഥമിക കാര്യങ്ങൾ നിർവഹിച്ചശേഷം അദ്ദേഹം വിശുദ്ധബലിക്കണഞ്ഞു. പനയ്ക്കലച്ചനാണ് ബലിയർപ്പിച്ചത്. സുവിശേഷവായനയക്ക് ശേഷം അച്ചൻ പറഞ്ഞു. 'അനേകം രോഗികൾ ഇവിടെ വന്നിട്ടുണ്ട്. കുറെ പേർക്ക് സൗഖ്യം ലഭിച്ചു. കുറെപ്പേർക്ക് സൗഖ്യം കിട്ടിയിട്ടില്ല. സൗഖ്യം കിട്ടാത്തവർ കിട്ടിയവരെക്കാൾ ഭാഗ്യവാന്മാരാണെന്ന് ഞാൻ പറയുന്നു. കാരണം, ഞാൻ ഇപ്പോൾ ഇവിടെ അർപ്പിക്കുന്ന ക്രിസ്തുവിന്റെ ബലിപോലെ, ജീവിതബലിയായി അനേകരുടെ രക്ഷയ്ക്കുവേണ്ടി അർപ്പിക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുകയാണ്. അത് ഏറ്റെടുക്കാനുള്ള കൃപയും ദൈവം അവർക്ക് നൽകുന്നുണ്ട്. ഈ വാക്കുകൾ തീക്കനൽ പോലെ അദ്ദേഹത്തിന്റെ ഹൃദയത്തിലിരുന്ന് ജ്വലിച്ചു. ഇതുവരെ സൗഖ്യപ്പെട്ടില്ലെന്ന് ചിന്തിച്ച് വിഷമിച്ചിരുന്ന കുഞ്ഞുമോന്റെ സങ്കടമെല്ലാം അവിടെ തീർന്നു. ക്രിസ്തുവിന്റെ ബലിജീവിതത്തിനായിട്ടാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് ബോധ്യം അദ്ദേഹത്തിന് ലഭിച്ചു.

ആഹ്ലാദചിത്തനായി ഡിവൈൻധ്യാനകേന്ദ്രത്തിൽനിന്ന് വീട്ടിലേക്ക് മടങ്ങാൻ തുടങ്ങുമ്പോൾ ഒരാളുടെ കിടക്കയ്ക്കരികിൽ ചെറിയൊരു ആൾക്കൂട്ടം. അദ്ദേഹം വീൽച്ചെയറുരുട്ടി അവിടേക്ക് ചെന്നു. ശരീരം തളർന്നുപോയൊരാളെ കിടക്കയിൽ ഭാര്യ താങ്ങിയിരുത്തി ഭക്ഷണം വാരിക്കൊടുക്കുന്ന രംഗമാണ് അദ്ദേഹം കണ്ടത്. ബഞ്ചമിൻ എന്നായിരുന്നു അയാളുടെ പേര്. അയാളെ കണ്ടപ്പോൾ ഈ അവസ്ഥയക്ക് കാരണമെന്തെന്ന് കുഞ്ഞുമോൻ തിരക്കി. പ്ലാവിൻനിന്നും വീണതാണത്രേ അയാൾ. ആ വീഴ്ചയിൽ ശരീരം മുഴുവൻ അനക്കമറ്റു. ഇപ്പോൾ തല മാത്രമേ ചലിക്കുകയുള്ളൂ. എന്നിട്ടും അയാളു ടെ മുഖത്ത് സന്തുഷ്ടി നിറഞ്ഞുനിൽക്കുന്നു. തന്റെ ജീവിതം കുഞ്ഞുമോൻ അയാളുടെ ജീവിതവുമായി തട്ടിച്ചുനോക്കി. അപ്പോഴാണ് ദൈവം തനിക്ക് നൽകിയ നന്മ അദ്ദേഹത്തിന് തിരിച്ചറിയാൻ കഴിയുന്നത്. 'ഹോ.. ദൈവമേ, എനിക്ക് കൈകൾ ചലിപ്പിക്കാം, ഉറക്കെ സംസാരിക്കാം. എന്നാൽ ഇതിനെക്കാൾ എത്രയോ കഷ്ടമാണ് ഇയാളുടെ ജീവിതം. എന്നിട്ടും ആ മനുഷ്യന്റെ സന്തുഷ്ടി കുഞ്ഞുമോന്റെ കണ്ണ് തുറപ്പിച്ചു. ആഹ്ലാദ ചിത്തനായ ബഞ്ചമിന്റെ ജീവിതം കുഞ്ഞുമോനെ ഒരുപാട് പാഠങ്ങൾ പഠിപ്പിക്കുന്നതായിരുന്നു.

ധ്യാനത്തിൽനിന്നും ലഭിച്ച ബോധ്യങ്ങൾ കുഞ്ഞുമോന്റെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയെന്ന് പിന്നീട് അദ്ദേഹത്തിനുണ്ടായ ജീവിതാനുഭവങ്ങളെല്ലാം തെളിയിച്ചു. സഹനത്തിലേക്ക് നോക്കിയിരിക്കാതെ സഹനം തന്ന ദൈവത്തിലേക്ക് നോക്കി ജീവിതപാഠങ്ങൾ പഠിച്ച്, അവയെല്ലാം മറ്റുള്ളവർക്ക് ആശ്വാസം കൊടുക്കുന്നതിന് അദ്ദേഹം ഉപയോഗിക്കാൻ തുടങ്ങി. ജീവിതത്തിലെ കയ്പ്പേറിയ അനുഭവങ്ങളിൽ തകർന്നുപോയ ആരെയും എവിടെ കണ്ടുമുട്ടിയാലും ജാതിമതഭേദമെന്യേ തന്റെ ജീവിതസന്ദേശം അദ്ദേഹം പങ്കുവയ്ക്കുമായിരുന്നു. ഓട്ടോയിൽ വീൽച്ചെയർ കയറ്റി പ്രാർത്ഥനാകൂട്ടായ്മകളിലേക്ക് ആവേശപൂർവം അദ്ദേഹം ദിനവും പൊയ്ക്കൊണ്ടിരുന്നു. ദിവസങ്ങൾ കഴിയുംതോറും സഹനജീവിതം സന്തോഷദായകമായി പരിണമിക്കുവാൻ കർത്താവ് ഇടയാക്കി. വിശുദ്ധ കുർബാനയെക്കുറിച്ചും പരിശുദ്ധ അമ്മയെക്കുറിച്ചും സഹനത്തിലൂടെ വരുന്ന മഹത്വത്തെക്കുറിച്ചുമെല്ലാം പുതിയ പുതിയ ഉൾക്കാഴ്ചകൾ കുഞ്ഞുമോന് ലഭിച്ചുകൊണ്ടിരുന്നു. ശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി ആനന്ദിക്കുവാൻ കർത്താവ് സഹായിക്കുന്നത് കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. ലഭിച്ചുകൊണ്ടിരുന്ന അനുഭവങ്ങൾ ചിലപ്പോൾ ഗാനങ്ങളായി എഴുതുവാനും ദൈവം കൃപ നൽകി. അത്ഭുതമെന്ന് പറയട്ടെ, കർത്താ വ് നൽകിക്കൊണ്ടിരുന്ന ഗാനങ്ങൾക്ക് അവിടുന്നുതന്നെ അനുയോജ്യമായ ചില ഈണങ്ങളും നൽകിയപ്പോൾ അവ പാടിനടക്കാൻ കുഞ്ഞുമോനിഷ്ടപ്പെട്ടു. ഒരു വർഷത്തോളം ഇപ്രകാരം കിട്ടിയ ഗാനങ്ങൾ പാടിക്കൊണ്ടിരുന്നു. അടുത്തവർഷം ഏതാനും ചില വ്യക്തികളിലൂടെ 'കഷ്ടതയിൽ സ്തുതി' എന്നൊരു ഭക്തിഗാനകാസറ്റും പ്രത്യാശയുടെ സങ്കീർത്തനം എന്ന വീഡിയോ സിഡിയും

ചെയ്യാൻ ദൈവം അദ്ദേഹത്തിന് അവസരം നൽകി.




ഇന്ന് നടന്ന് ചെയ്യുന്നതിനേക്കാൾ നൂറുകൂട്ടം കാര്യങ്ങൾ വീൽച്ചെയറിലിരുന്നുള്ള ജീവിതത്തിലൂടെ അദ്ദേഹത്തിന് സാധിക്കുന്നു. മെഡിക്കൽ സയൻസ് പറഞ്ഞു, 'നീയിനി എണീൽക്കില്ല, പുറത്തേക്കിറങ്ങില്ല എന്നൊക്കെ.' എന്നാൽ ദൈവം പറഞ്ഞു, നീയിനി കുറച്ചുകൂടി ശക്തനാകും. അനേകം കാര്യങ്ങൾ ചെയ്യുമെന്ന്. ദൈവം പറഞ്ഞത് സംഭവിച്ചു. ഓടി നടന്ന് ലോകകാര്യങ്ങൾ ചെയ്തുകൊണ്ടിരുന്ന സമയത്ത് ഡ്രൈവിംഗ് കുഞ്ഞുമോൻ തെല്ലും പഠിച്ചിരുന്നില്ല. എന്നാൽ ഇന്ന് നൂറുകണക്കിന് കിലോമീറ്ററുകൾ ഒറ്റയ്ക്ക് ഡ്രൈവ് ചെയ്യുവാൻ ദൈവം അദ്ദേഹത്തിന് കൃപ നൽകിയിരിക്കുന്നു. അതൊടൊപ്പം നിരവധി വേദികളിൽ ദൈവവചനത്തിന്റെ സാക്ഷിയാകാനും.

കുഞ്ഞുമോൻ സന്തുഷ്ടനാണ്, ലോകത്തിൽ എവിടെയെല്ലാം ദൈവവചന പ്രഘോഷണത്തിന് അവസരം ലഭിക്കുമോ അവിടെയെല്ലാം പറന്നെത്തി ക്രിസ്തു സാക്ഷിയാകണമെന്ന് തന്നെയാണ് അദ്ദേഹത്തിന്റെ ആഗ്രഹം. അതിനാൽ കുഞ്ഞുമോനെപ്പോലെ നമ്മുടെ ജീവിത്തിലും ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുക. ദൈവത്തിന് ഒന്നാം സ്ഥാനം നൽകിയാൽ നാം മനുഷ്യപ്രീതി തേടുകയില്ല. ദൈവത്തിന് മുൻഗണന കൊടുക്കുമ്പോൾ ആത്മധൈര്യവും പ്രത്യാശയും ലഭിക്കും. അവനെ താങ്ങുന്ന ശക്തിയേറിയ കൈകൾ കാണുവാൻ അവസരം ലഭിക്കുകയും ചെയ്യും.

കടപ്പാട്: in.sundayshalom.com